മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ, കേരളം

Chief Electoral Officer, Kerala

SVEEP



# കേരളമേ നന്ദി!

## പ്രത്യേക തീവ്ര പുതുക്കലിന് (എസ്.ഐ.ആർ) നൽകിയ അചഞ്ചലമായ പിന്തുണയ്ക്ക്

പ്രത്യേക തീവ്ര പുതുക്കൽ (എസ്.ഐ.ആർ) പ്രക്രിയയിൽ കേരളത്തിലെ ജനങ്ങൾ നൽകിയ അസാധാരണമായ സഹകരണത്തിന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ, കേരളം ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു. നിങ്ങളുടെ പങ്കാളിത്തം നമ്മുടെ ജനാധിപത്യത്തിന്റെ അടിത്തറ കൂടുതൽ ശക്തിപ്പെടുത്തിയിരിക്കുന്നു.

**കരട് വോട്ടർ പട്ടിക**

**2025 ഡിസംബർ 23ന്** പ്രസിദ്ധീകരിക്കുന്നതാണ്.

വോട്ടർ പട്ടിക ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാകുന്ന മുറയ്ക്ക്, എല്ലാ വോട്ടർമാരും പട്ടികയിൽ തങ്ങളുടെ വിവരങ്ങൾ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്ഥലത്തില്ലാത്തവർ, താമസം മാറിയവർ, മരണപ്പെട്ടവർ (ASD) എന്നിവരുടെ പട്ടിക മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

സന്ദർശിക്കുക: **https://www.ceo.kerala.gov.in**

## അവകാശവാദങ്ങളും എതിർപ്പുകളും ⟶ നിങ്ങളുടെ അവകാശം, നിങ്ങളുടെ ഉത്തരവാദിത്തം

### അവകാശവാദങ്ങളും എതിർപ്പുകളും സമർപ്പിക്കേണ്ട വിധം

ഏതെങ്കിലും വോട്ടർക്ക് നിശ്ചിത സമയത്തിനുള്ളിൽ അവരുടെ പൂരിപ്പിച്ച ഫോമുകൾ സമർപ്പിക്കാൻ കഴിയുന്നില്ലെങ്കിൽ, അവകാശവാദങ്ങളുടെയും എതിർപ്പുകളുടെയും കാലയളവിൽ **(23.12.2025 മുതൽ 22.01.2026 വരെ)** നിർദ്ദിഷ്ട ഡിക്ലറേഷൻ ഫോമിനൊപ്പം **ഫോം 6** ഫയൽ ചെയ്യാവുന്നതാണ്.

**ഫോം 6** – പേര് പുതുതായി ചേർക്കുന്നതിന്
**ഫോം 6A** – പ്രവാസി വോട്ടർമാരുടെ പേര് ചേർക്കുന്നതിന്
**ഫോം 7** – മരണം, താമസം മാറൽ, പേര് ഇരട്ടിപ്പ് തുടങ്ങിയ കാരണങ്ങളാൽ പേര് ഒഴിവാക്കുന്നതിന്
**ഫോം 8** – വിലാസം മാറ്റുന്നതിനും മറ്റ് തിരുത്തലുകൾക്കും

ഈ ഫോമുകൾ **https://voters.eci.gov.in/** എന്ന ലിങ്കിൽ ലഭ്യമാണ്.

### അപ്പീൽ

കരട് പട്ടികയിലുള്ള ഒരാളുടെ പേര് ഹിയറിംഗിന് ശേഷം ഒഴിവാക്കുകയാണെങ്കിൽ, ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ (ERO) ഉത്തരവ് വന്ന് **15 ദിവസത്തിനകം** ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർക്ക് (DEO) ഒന്നാം അപ്പീൽ നൽകാം.
(1950-ലെ ജനപ്രാതിനിധ്യ നിയമം സെക്ഷൻ 24(A), രജിസ്ട്രേഷൻ ഓഫ് ഇലക്ടേഴ്സ് റൂൾസ് 27 പ്രകാരം).

ഒന്നാം അപ്പീലിലെ ഉത്തരവ് വന്ന് **30 ദിവസത്തിനകം** ചീഫ് ഇലക്ടറൽ ഓഫീസർക്ക് രണ്ടാം അപ്പീൽ സമർപ്പിക്കാം.
(1950-ലെ ജനപ്രാതിനിധ്യ നിയമം സെക്ഷൻ 24(B), രജിസ്ട്രേഷൻ ഓഫ് ഇലക്ടേഴ്സ് റൂൾസ് 27 പ്രകാരം).

വോട്ടർപട്ടികയുടെ കൃത്യത ഉറപ്പാക്കാൻ പൗരന്മാർ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

### നോട്ടീസ് ഘട്ടം

**പുറപ്പെടുവിക്കൽ, ഹിയറിംഗ് & പരിശോധന**

എന്യൂമറേഷൻ ഫോമുകളിലെ തീരുമാനങ്ങളും പരാതികൾ തീർപ്പാക്കലും **2025 ഡിസംബർ 23 മുതൽ 2026 ഫെബ്രുവരി 14** വരെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ പൂർത്തിയാക്കും

### അന്തിമ വോട്ടർ പട്ടിക

അന്തിമ വോട്ടർ പട്ടിക **2026 ഫെബ്രുവരി 21-ന്** പ്രസിദ്ധീകരിക്കും.

പട്ടിക മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ **https://www.ceo.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമായിരിക്കും.

## രേഖകൾ

● ഏതെങ്കിലും കേന്ദ്ര/സംസ്ഥാന/പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാരൻ/പെൻഷൻകാരൻ നൽകുന്ന ഏതെങ്കിലും തിരിച്ചറിയൽ കാർഡ് / പെൻഷൻ പേയ്മെന്റ് ഓർഡർ ● 01.07.1987 ന് മുമ്പ് ഇന്ത്യയിൽ സർക്കാർ / തദ്ദേശീയ അധികാരികൾ / ബാങ്കുകൾ / പോസ്റ്റ് ഓഫീസ് / എൽ.ഐ.സി. / പൊതുമേഖലാ സ്ഥാപനങ്ങൾ നൽകിയ തിരിച്ചറിയൽ കാർഡ് / സർട്ടിഫിക്കറ്റ് / രേഖ ● യോഗ്യതയുള്ള അധികാരി നൽകുന്ന ജനന സർട്ടിഫിക്കറ്റ് ● പാസ്പോർട്ട് ● അംഗീകൃത ബോർഡുകൾ / സർവകലാശാലകൾ നൽകുന്ന മെട്രിക്കുലേഷൻ / വിദ്യാഭ്യാസ സർട്ടിഫിക്കറ്റ് ● യോഗ്യതയുള്ള സംസ്ഥാന അധികാരി നൽകുന്ന സ്ഥിര താമസ സർട്ടിഫിക്കറ്റ് ● വനാവകാശ സർട്ടിഫിക്കറ്റ് ● ഒബിസി / എസ്.സി / എസ്.ടി അല്ലെങ്കിൽ യോഗ്യതയുള്ള അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ് ● ദേശീയ പൗരത്വ രജിസ്റ്റർ (അത് നിലനിൽക്കുന്നിടത്തെല്ലാം) ● സംസ്ഥാന / തദ്ദേശീയ അധികാരികൾ തയ്യാറാക്കിയ കുടുംബ രജിസ്റ്റർ ● സർക്കാർ നൽകുന്ന ഭൂമി / വീട് അലോട്ട്മെന്റ് സർട്ടിഫിക്കറ്റ് ● ആധാർ

## അപ്പീലുകൾ അല്ലെങ്കിൽ SIR നടപടിക്രമങ്ങൾ സംബന്ധിച്ച സഹായത്തിനായി

ഇന്ത്യയിൽ ഉള്ളവർ : **1950 ൽ വിളിക്കുക** | വിദേശത്തുള്ളവർ : **+91 471 2551965** | ഇമെയിൽ : **overseaselectorsir26@gmail.com** | ഇലക്ഷൻ കമ്മീഷന്റെ വെബ്സൈറ്റ് : **https://voters.eci.gov.in**

www.ceo.kerala.gov.in | /CeoKerala | @ChiefElectoralOfficerKerala | /CeoKeralaOffice